1125/കെ/2015/കെ.എസ്.എച്ച്.ഒ 03/07/2017

# പരിപത്രം

വിഷയം: കുടുംബശ്രീ - 2017-18 സാമ്പത്തിക വർഷത്തിലെ ബാലസഭാ വാർഷിക പ്രവർത്തന കലണ്ടർ - സംബന്ധിച്ച്.

2017-18 സാമ്പത്തിക വർഷത്തെ ബാലസഭാ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലകളിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളുടെ വാർഷിക പ്രവർത്തന കലണ്ടർ ചുവടെ ചേർക്കുന്നു. കലണ്ടർ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർ സ്വീകരിക്കേണ്ടതാണ്.

## പ്രവർത്തന കലണ്ടർ

| തീയതി | പ്രവർത്തനം |
|---|---|
| ജൂലൈ 15 | ബ്ലോക്ക് തലത്തിൽ നിന്നും 3 ആർ.പിമാരെ കണ്ടെത്തി അവരുടെ ലിസ്റ്റ് തയ്യാറാക്കി അവരുടെ പരിശീലനം പൂർത്തീകരിക്കണം. |
| ജൂലൈ 15 | നിലവിലുള്ള ബാലസഭ അംഗങ്ങളുടെ പേര്, വയസ്, പഠിക്കുന്ന ക്ലാസ്, ബാലസഭയുടെ പേര്, സി.ഡി.എസിന്റെ പേര് എന്നിവ അടങ്ങുന്ന ലിസ്റ്റ് സംസ്ഥാന മിഷന് നൽകൽ. അതിനുശേഷം താഴെപ്പറയുന്ന ജി-മെയിൽ അക്കൗണ്ടിൽ പ്രവേശിച്ച് അതിൽ കാണുന്ന ഫോം നിർദ്ദേശങ്ങൾക്കനുസരിച്ച് പൂരിപ്പിക്കേണ്ടതാണ്. balasabhadetails@gmail.com, password – balasabha@2017. |
| ജൂലൈ 15 | ബാലസഭയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വച്ചിട്ടുള്ള പ്രോജക്ടുകൾ, തുക എന്നിവയുടെ വിവരങ്ങൾ ശേഖരിച്ച് സംസ്ഥാന മിഷനിൽ സമർപ്പിക്കണം. |
| ജൂലൈ 31 | ജൂലൈ 31-നു മുമ്പ് സി.ഡി.എസ് ആർ.പിമാർ/ബാല ആർ.പിമാർക്കുള്ള ക്ലസ്റ്റർതല പരിശീലനം (ക്യാമ്പയിനോടനുബന്ധിച്ച്) |
| ഓഗസ്റ്റ് 1-15 | പരിശീലനം ലഭിച്ച പിയർ ഗ്രൂപ്പ് ലീഡേഴ്സിന്റെ (15 മുതൽ 18 വയസ് വരെ പ്രായമുള്ള) ലിസ്റ്റ് തയ്യാറാക്കി രണ്ടാംഘട്ട പരിശീലനം. 15 വയസിനു താഴെയുള്ള കുട്ടികൾക്കായി ഓൺലൈൻ ക്വിസ് മത്സരം (30 ദിവസത്തേക്ക്) |
| സെപ്റ്റംബർ 1-6 | ബാലസഭ ക്യാമ്പയിൻ - വാർഡുതലത്തിൽ കുട്ടികളുടെ കൂടിച്ചേരലും പ്രവർത്തനങ്ങളും |
| സെപ്റ്റംബർ 7,8,9 | ഓണ അവധിക്കാലത്ത് നാടറിയാൻ നാടിനെ അറിയാൻ (ചരിത്രരേഖ തയ്യാറാക്കൽ) തദ്ദേശസ്വയംഭരണ പ്രദേശത്ത് ഏകദിന പരിശീലനം വിവരശേഖരണം 2 ദിവസം. (വാർഡിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 100 കുട്ടികൾക്ക്) |
| സെപ്റ്റംബർ 10-16 | കുട്ടികൾ തയ്യാറാക്കുന്ന രേഖയുടെ ക്രോഡീകരണം. ഒരു ദിവസം |
| സെപ്റ്റംബർ 25 | തയ്യാറാക്കപ്പെട്ട രേഖ സംസ്ഥാ മിഷൻ, ജില്ല-പഞ്ചായത്ത്/നഗരസഭയിൽ നൽകൽ |
| സെപ്റ്റംബർ | ബാല മാസിക രൂപീകരണത്തിനാവശ്യമായ പ്രവർത്തനങ്ങൾ |

| | |
|---|---|
| 1-20 | ഓരോ സി.ഡി.എസും 50-ൽ കുറയാതെ മാസിക വാർഷിക വരിസംഖ്യ 150 രൂപ വീതം വരിക്കാരെ കണ്ടെത്തൽ (ചുമതല- സി.ഡി.എസ് ചെയർപേഴ്സൺ, ഉപസമിതി കൺവീനർ) |
| സെപ്റ്റംബർ 25 | ജില്ലാമിഷൻ കോ-ഓർഡിനേറ്റർ വശം മാസിക വരിസംഖ്യ എത്തിക്കൽ |
| സെപ്റ്റംബർ 30 | മാസിക വരിസംഖ്യ സംസ്ഥാന മിഷനു നൽകൽ. |
| ഒക്ടോബർ 15 | ബാലപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, ബാല ആർ.പി ഇവർക്കുള്ള ദ്വിദിന പരിശീലനം 3 ക്ലസ്റ്ററിൽ. |
| ഒക്ടോബർ 1-15 | 1. മാസിക പ്രസിദ്ധീകരണം<br>2.ഗണിതശാസ്ത്ര ഒളിമ്പ്യാട് പഞ്ചായത്തുതലം<br>3.ബാലപഞ്ചായത്ത് |
| ഒക്ടോബർ 20-30 | ഗണിതശാസ്ത്ര ഒളിമ്പ്യാട് ബ്ലോക്ക്തലം |
| നവംബർ 11 | ജില്ലാതല ഗണിതശാസ്ത്ര ഒളിമ്പ്യാട് |
| നവംബർ 18-30 | ജില്ലാതല ബാലപാർലമെന്റ് |
| ഡിസംബർ 1-15 | മാസിക രണ്ടാം ലക്കം |
| ഡിസംബർ 9-10 | സംസ്ഥാനതല ഗണിതശാസ്ത്ര ഒളിമ്പ്യാട് |
| ഡിസംബർ | പിയർ ഗ്രൂപ്പ് ലീഡേഴ്സ് പരിശീലനം. |

**ബാലസഭയുടെ നേതൃത്വത്തിൽ നടത്തുന്ന ക്യാമ്പയിൻ, പരിശീലനങ്ങൾ എന്നിവയ്ക്കുള്ള വിശദമായ മാർഗനിർദ്ദേശങ്ങളും, മൊഡ്യൂളും ജില്ലാമിഷനിലേക്ക് യഥാസമയം നൽകുന്നതായിരിക്കും.** കുടുംബശ്രീ പദ്ധതി വിഹിതത്തിലെ സാമൂഹ്യ വികസന ശീർഷകത്തിൽ നിന്നും ഇതിനാവശ്യമായ തുക വകയിരുത്താവുന്നതാണ്. മേൽപ്പറഞ്ഞ പ്രവർത്തന പരിപാടികൾക്കപ്പുറം ജില്ലകളുടേതായ തനത് നൂതന പരിപാടികൾ അതത് ജില്ലകൾക്ക് ആസൂത്രണം ചെയ്ത് നടപ്പിലാക്കാവുന്നതാണ്.

3/7/17

പ്രോഗ്രാം ഓഫീസർ (എസ്.ഡി)
എക്സിക്യൂട്ടീവ് ഡയറക്ടർക്കുവേണ്ടി
കുടുംബശ്രീ

എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും

പകർപ്പ്

കരുതൽ/അധികം